**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 478** **11-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ഗവണ്മെന്റ് വനിതാ കോളേജിന് കിഫ്ബി ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം വനിതാ ആർട്സ് & സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപ അനുവദിച്ചെങ്കിലും നാളിതുവരെ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുവരെയുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ; | (എ) | മലപ്പുറം ഡൌൺഹിൽ വനിതാ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൌകര്യ വികസന പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (DPR) കിഫ്ബി പരിശോധിക്കുകയും 04-11-2020-ലെ HED007-38/PE-4-PAD/2020/KIIFB നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത പദ്ധതിക്ക് 13.85 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന്, ടി തുക ഉയർത്തി നൽകുന്നതിനായി കിറ്റ്കോ സമർപ്പിച്ച ശിപാർശ കിഫ്ബി പരിശോധിച്ച ശേഷം 27-03-2023-ലെ HED007-38/APR-4/2023/KIIFB നമ്പർ ഉത്തരവു പ്രകാരം 18.61 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കിഫ്ബി പുറപ്പെടുവിക്കുന്ന ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പദ്ധതി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ട ഉത്തരവാദിത്തം പദ്ധതി നിർവ്വഹണ ഏജൻസിയുടേതാണ്. |
| (ബി) | എസ്.പി.വി. ആയ കിറ്റ്കോ ഡി.പി.ആർ തയാറാക്കി സമർപ്പിച്ചിട്ടുണ്ടോ; പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്താണ്; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച DPR ന്റെ അടിസ്ഥാനത്തിലാണ് കിഫ്ബി 04-11-2020-ൽ ധനാനുമതിയും 27-03-2023-ൽ പുതുക്കിയ ധനാനുമതിയും നൽകിയിട്ടുള്ളത്. നിലവിൽ, പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി, ടെൻഡർ ചെയ്ത് L-1 ബിഡ്ഡറിനെ തിരിച്ചറിഞ്ഞിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസിയുടെ ടെൻഡർ സാങ്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിയ്ക്ക് അവാർഡ് ചെയ്ത് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി അനുവദിച്ച പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുവാനും കെട്ടിട നിർമ്മാണം ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിക്കായി കിഫ്‌ബി അനുവദിച്ച തുക വിനിയോഗിക്കുന്നതിന് നിലവിൽ സാങ്കേതിക തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ